**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 556** **10-11-2021 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കുടിയേറ്റക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; ഇതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നോ; | (എ) | അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നത് വേഗത്തിലാക്കുന്നതിനായി പട്ടയ വിതരണം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതും അതിന്റെ അടിസ്ഥാനത്തിൽ 13534 പേർക്ക് 100 ദിനം കൊണ്ട് പട്ടയം വിതരണം ചെയ്യുകയുണ്ടായി. കുടിയേറ്റക്കാരുടെ കേസിൽ കുടിയേറിയിട്ടുള്ള ഭൂമി 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ചട്ടത്തിന് അനുസൃതമായി പതിവിനു യോഗ്യമായിട്ടുള്ള ഭൂമിയാണെങ്കിൽ അതാതു ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് പട്ടയം വിതരണം ചെയ്യുന്നത് 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ്. പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിന് പതിച്ചു കിട്ടുന്ന വ്യക്തി ബാധ്യസ്ഥനാണ്. |
| (ബി) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ക്രിയാത്മകമായ വിവിധ പദ്ധതികളാണ് റവന്യൂ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. എല്ലാവർക്കും ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ഓരോ വില്ലേജിലും നിലവിലുള്ള ഭൂരഹിതരുടെ വിവരം, ഭൂമിയുടെ ലഭ്യത പട്ടയവിതരണത്തിനുള്ള തടസ്സം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്നതിനും അതിലൂടെ പട്ടയ വിതരണത്തിനുള്ള തടസ്സം കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന |

| | | | |
|---|---|---|---|
| | | | കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി കേരളത്തിലെ ലാൻഡ് ബോർഡുകളെ 4 മേഖലകളായി തിരിച്ച് ഓരോ ലാൻഡ് ബോർഡിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുന്ന കാര്യവും പരിഗണനയിലാണ്. ലാൻഡ് ട്രിബ്യൂണൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയും അദാലത്തും നടന്നു വരുന്നു. സേവനങ്ങൾ സ്മാർട്ടാക്കുന്നതിനായി കേരളം മുഴുവൻ ഡിജിറ്റലായി സർവ്വെ ചെയ്ത് ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റേസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് ആർ.കെ.ഐ ൽ ഉൾപ്പെടുത്തി 807.98 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടമായി 339.438 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളായി സർട്ടിഫിക്കറ്റ് വിതരണം, പോക്കുവരവ്, തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, എഫ്.എം.ബി എന്നിവ ഓൺലൈനായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സമഗ്ര ദുരിതാശ്വാസ മാനേജ്മെന്റ് സംവിധാനമായ റിലീഫ്, പൊതുജനങ്ങൾക്കുള്ള വിവിധ പരാതികൾ റവന്യൂ മന്ത്രിക്കും മറ്റു ഓഫീസുകകളിലും സമർപ്പിക്കുന്നതിനുള്ള മിത്രം, റവന്യൂ റിക്കവറി നടപടികൾക്കായിയുള്ള ആർ.ആർ ഓൺലൈൻ എന്ന പോർട്ടലുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭൂ നികുതി അനായാസേന മൊബൈൽ ഫോൺ വഴി ഒടുക്കുന്നതിനുള്ള മൊബൈൽ അപ്ലിക്കേഷനും എല്ലാ തുകയും കാഷ് ലെസായി ഓൺലൈനായോ, യു.പി.ഐ മുഖേനയോ ഇ-പോസ് മെഷീൻ മുഖേനയോ ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ബിൽഡിംഗ് ടാക്സ് ഓൺലൈനായി ഒടുക്കുന്നതിനുള്ള കെ.ബി.റ്റി മാനേജ്മെന്റ് സിസ്റ്റം, റവന്യൂ വകുപ്പിൽ നിന്ന് അനുവദിക്കുന്ന ക്ഷേമ പെൻഷനുകൾ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ എന്നിവ സജ്ജമാക്കുകയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പൊർട്ടൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## <u>വിശദീകരണ കുറിപ്പ്</u>

1963 ലെ ഭൂ പരിഷ്കരണ നിയമം, 1964 ലെ കേരള ഭൂ പതിവ് ചട്ടങ്ങൾ 1995 ലെ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം അർഹരായി എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അർഹരായവർക്ക് സമയബന്ധിതമായി തന്നെ പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും പട്ടയ വിതരണത്തിന് ശേഷിക്കുന്ന ഭൂമി, അർഹരായവരുടെ വിവരം, പട്ടയ വിതരണം ചെയ്യുന്നതിനുള്ള തടസം, ഭൂരഹിതരായവരുടെ എണ്ണം എന്നിവ രേഖപ്പെടുത്തി. ഒരു ഡാഷ്ബോർഡ് തയ്യാറാക്കി തടസങ്ങൾ നിയമാനുസരണം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ 12000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നെങ്കിലും 13534 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.